# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.4118 16.03.2017 ലെ മറുപടി**

### തോടുകളിൽ പോള ശല്യം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.സുരേഷ് കുറുപ്പ്: | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കുമരകം, തിരുവാർപ്പ് പ്രദേശങ്ങളിലെ തോടുകളിൽ പോള ശല്യം കാരണം ജലമലിനീകരണം, ഗതാഗത തടസ്സം, ആരോഗ്യ പ്രശ്നങ്ങൾ എന്നിവ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;<br>(സി) പ്രസ്തുത പ്രശ്നം പരിഹരിക്കാൻ പുതിയ പദ്ധതികൾ എന്തെങ്കിലും ആവിഷ്കരിക്കാൻ ഉദ്ദേശമുണ്ടോ? | (ബി) & (സി)<br>പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് കുമരകം, തിരുവാർപ്പ് പഞ്ചായത്തുകളിലുള്ള തോടുകളുടെ പുനരുദ്ധാരണത്തിന് 850 ലക്ഷം രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി. കുമരകം പഞ്ചായത്തിൽ ജലക്രാന്തി അഭിയാൻ എന്ന കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുമ്പോൾ പോളയുടെ ശല്യം ഒരു പരിധി വരെ പരിഹരിക്കാൻ കഴിയുന്നതാണ്. കൂടാതെ ഇറിഗേഷൻ (മെക്കാനിക്കൽ) വിഭാഗത്തിന്റെ പക്കലുള്ള പോള വാരൽ യന്ത്രവും ഇതിനായി ആവശ്യാനുസരണം ഉപയുക്തമാക്കാവുന്നതാണ്. ഈ പ്രവൃത്തി ഹരിതകേരളം പദ്ധതിയുടെ രണ്ടാം ഘട്ടത്തിലുൾപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ